പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *90 | 05.02.2020-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.സി. ദിവാകരൻ
ശ്രീമതി സി.കെ. ആശ
ശ്രീ.വി.ആർ. സുനിൽ കുമാർ

**മറുപടി**

എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി 2008-ലെ സാമൂഹ്യ സാമ്പത്തിക റിപ്പോർട്ട് പുതുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; | എ) | പട്ടികവർഗ്ഗക്കാരുടെ 2008 ലെ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിന് ആൻഡ്രോയിഡ് മൊബൈൽ ആപ് ഉപയോഗിച്ച് പട്ടികവർഗ്ഗ പ്രമോട്ടർമാർ വഴി എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തുന്ന പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്.<br>ഇതുവരെ ലഭ്യമായ കണക്ക് പ്രകാരം 1,38,769 കുടുംബങ്ങളിലായി 4,77,351 പേരുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. |
| ബി) | ഇതുസംബന്ധിച്ച് നടത്തിയ സർവ്വേയുടെ ഡാറ്റാ വാലിഡേഷൻ പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | ബി) | വിവര ശേഖരണത്തിന്റെ വാലിഡേഷൻ രണ്ട് തലങ്ങളിലാണ് നടക്കുന്നത്. ആദ്യം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ തലത്തിലും പിന്നീട് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തലത്തിലുമാണ്.<br>വിവരശേഖരണം പൂർത്തിയായ കുടുംബങ്ങളുടെ വാലിഡേഷൻ പുരോഗമിക്കുന്നു. ഇതോടൊപ്പം തന്നെ സങ്കേതങ്ങളിൽ നിന്നു മാറി കഴിയുന്ന കുടുംബങ്ങളുടെയും, കോളനികൾ വിട്ട് ജോലിക്കായി പോയവരുടെയും വിവരശേഖരണവും പൂർത്തിയാക്കേണ്ടതുണ്ട്. വിവര ശേഖരണം/ വാലിഡേഷൻ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാനാണ് വകുപ്പ് ലക്ഷ്യം വെയ്ക്കുന്നത്. |
| സി) | ഊരുകൂട്ടയോഗങ്ങളിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നുമുള്ള പങ്കാളിത്തം ഉറപ്പുവരുത്തു | സി) | ഊരുകൂട്ടങ്ങൾ വിളിച്ച് ചേർക്കുന്നതിന് മുന്നോടിയായി പ്രമോട്ടർമാർ വഴി എല്ലാ കുടുംബങ്ങൾക്കും നേരിട്ട് അറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ ഊരുമൂപ്പൻമാർ വഴിയും |

| | | | |
|---|---|---|---|
| | ന്നുണ്ടോയെന്ന് അറിയിക്കാമോ; | | ആവശ്യമായ പ്രചാരണം നടത്തുന്നുണ്ട്. ഇതിലൂടെ പട്ടികവർഗ്ഗകുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. |
| ഡി) | പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊരുകൂട്ട യോഗങ്ങളിൽ ചർച്ചചെയ്താണോ എന്നറിയിക്കുമോ; | ഡി) | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊരുകൂട്ട തീരുമാനം അനുസരിച്ചാണ്. തൊഴിൽ നൈപുണ്യ വികസന പരിപാടികൾക്ക് പട്ടികവർഗ്ഗ മേഖലകളിൽ പ്രത്യേക ക്യാംപെയ്ൻ നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| ഇ) | സോഷ്യൽ മാപ്പ് ഊരുകൂട്ട യോഗങ്ങളിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നുണ്ടോയെന്നും സോഷ്യൽ മാപ്പിൽ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങളുടെയും വിവരം വ്യക്തമായി സൂചിപ്പിക്കുമോയെന്നും അറിയിക്കുമോ? | ഇ) | പട്ടികവർഗ്ഗമേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് സോഷ്യൽ മാപ്പുകൾ തയ്യാറാക്കുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണ്. പ്രസ്തുത മാപ്പിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണവും പട്ടികവർഗ്ഗ ഇതര കുടുംബങ്ങളുടെ എണ്ണവും കൃത്യമായി വ്യക്തമാക്കുന്നുണ്ട്. ഊരുകൂട്ടം അംഗീകരിക്കുന്ന പദ്ധതികൾക്കാണ് ഇപ്രകാരം സാമൂഹ്യ ഭൂപടം തയ്യാറാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**